# കുടുംബശ്രീ

## സാമൂഹ്യ വികസനം

## പട്ടികവർഗ്ഗ മേഖലയിലെ ഇടപെടലുകൾ

**2022-23**

## ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

**(കുടുംബശ്രീ പ്ലാൻ ഫണ്ട്)**

**ഉള്ളടക്കം**


| നമ്പർ | വിവരണം | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 3 |
| 2. | പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തൽ, അവലോകനം | 4 |
| 3. | പട്ടികവർഗ്ഗ കുടുംബങ്ങളെ പൂർണമായും കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമാക്കുന്നതിനുള്ള ക്യാമ്പയിൻ | 5 |
| 4. | നിലവിലുള്ള പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം | 6 |
| 5. | പട്ടികവർഗ്ഗ മേഖലയിലെ ഏറ്റവും മികച്ച കുടുംബശ്രീഅയൽക്കൂട്ടങ്ങളെ തയ്യാറാക്കൽ - സ്വയംപര്യാപ്ത പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ | 7-9 |
| 6. | പട്ടികവർഗ്ഗ മേഖലയിൽ മൃഗ സംരക്ഷണത്തിലൂന്നിയുള്ള ഉപജീവന പ്രവർത്തനങ്ങൾ | 10-11 |
| 7. | ഉപജീവന സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണാ പദ്ധതി | 12-13 |
| 8. | എൻ ടി എഫ് പി വാല്യൂ ചെയിൻ സപ്പോർട്ട് | 14-15 |
| 9. | മാർക്കറ്റിംഗ്, അനുബന്ധ ഇടപെടലുകൾ | 16-17 |
| 10. | പട്ടികവർഗ്ഗ ജെ എൽ ജി കൾക്കുള്ള പ്രാരംഭ ധനസഹായമായി ജെ.എൽ.ജി കോർപ്പസ് ഫണ്ട് നൽകൽ | 18-19 |
| 11. | ബ്രിഡ്ജ് കോഴ്സ് നടപ്പിലാക്കൽ | 20-21 |
| 12. | അയൽക്കൂട്ട കോർപ്പസ് ഫണ്ട് | 22-23 |
| 13. | ജില്ലാ ഇനിഷ്യറ്റീവ് പ്രവർത്തനവും മറ്റു സാമൂഹ്യ വികസന പ്രവർത്തനങ്ങളും | 24-25 |
| 14. | യുവജനങ്ങൾക്കുള്ള പ്രവർത്തനം | 26-27 |
| 15. | ട്രൈബൽ ഫെസ്റ്റ്, ബ്രിഡ്ജ് കോഴ്സ് സംഗമം, ട്രൈബൽ യൂത്ത് മീറ്റ് | 28 |
| 16. | ജില്ലകൾക്ക് അനുവദിച്ചു നൽകിയിരിക്കുന്ന സാമ്പത്തിക വിവരം | 29 |

# ആമുഖം

കുടുംബശ്രീ പട്ടികവർഗ്ഗ മേഖലയിൽ 2021-22 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഈ സാമ്പത്തികവർഷം ആസൂത്രണം ചെയ്തിട്ടുള്ളത്. കഴിഞ്ഞ വർഷം പൂർത്തീകരിക്കാൻ ബാക്കിയുണ്ടായിരുന്ന പ്രവർത്തനങ്ങൾ നിലവിലുള്ള മാർഗ്ഗനിർദ്ദേശം ഉപയോഗിച്ച് പൂർത്തീകരിക്കാവുന്നതാണ്.

കുടുംബശ്രീയുടെ 2022-23 വർഷത്തെ ലക്ഷ്യങ്ങൾ പ്രധാനമായും മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങളെയും കുടുംബശ്രീ സംവിധാനത്തിൽ കൊണ്ടുവരുന്നതിനും, പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ മെച്ചപ്പെട്ട മാതൃക രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും മുൻതൂക്കം നൽകേണ്ടതാണ്. കൂടാതെ ഉപജീവനത്തിനും, പട്ടികവർഗ്ഗ മേഖലയിലെ യുവജനങ്ങളുടെയും, കുട്ടികളുടെയും കാര്യത്തിലുള്ള ആവശ്യാധിഷ്ഠിത സമീപനത്തിനും പ്രാമുഖ്യം നൽകുകയും വേണം. അട്ടപ്പാടിയിലെ പ്രവർത്തനങ്ങൾ അടക്കം ലക്ഷ്യങ്ങൾ ഇവിടെ നാല് ഘടകങ്ങളായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

- പട്ടികവർഗ്ഗ മേഖലയിലെ കുടുംബശ്രീ പ്ലാൻ ഫണ്ടുപയോഗിച്ചുള്ള ഇടപെടലുകൾ
- പട്ടികവർഗ്ഗ മേഖലയിൽ എൻ ആർ എൽ എം കേന്ദ്രീകരിച്ചുള്ള ഇടപെടലുകൾ
- അട്ടപ്പാടിയിലെ പ്രത്യേക ഇടപെടലുകൾ
- സ്പെഷ്യൽ ഉപജീവന പദ്ധതി

പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിൽ ജില്ലാ മിഷനുകളിലെ കൂട്ടായ പ്രവർത്തനമാണ് പ്രധാനം. എൻ ആർ എൽ എം കേന്ദ്രീകരിച്ചുള്ള സെപ്ഷ്യൽ പ്രൊജക്റ്റ് പ്രദേശങ്ങളിലും സാധ്യമാകുന്ന പദ്ധതി സംയോജനം ഉപയോഗപ്പെടുത്തേണ്ടതാണ്. ഇവിടെ ഓരോ പ്രവൃത്തികൾക്ക് നൽകുന്നത് ഏറ്റവും കുറഞ്ഞ പ്രവർത്തന ലക്ഷ്യങ്ങളാണ്. ജില്ലയുടെ സാധ്യതയനുസരിച്ച് നിർദ്ദേശിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യാൻ സാധ്യമാകുമെങ്കിൽ ചെയ്യാവുന്നതാണ്, കൂടാതെ ഏതെങ്കിലും പ്രവർത്തനത്തിന് അനുവദിച്ച ഫണ്ട് ഉപയോഗിക്കേണ്ട സാഹചര്യം ഇല്ലാത്ത അവസ്ഥയുണ്ടായാൽ നിർദ്ദിഷ്ട പ്രവർത്തനങ്ങൾക്ക് മാറ്റി ചെലവഴിക്കാവുന്നതാണ്.

## പൊതു നിർദ്ദേശങ്ങൾ

- പദ്ധതി നടപ്പിലാക്കുമ്പോൾ പട്ടികവർഗ്ഗ അനിമേറ്റർമാരെ ഉപയോഗപ്പെടുത്തി കൃത്യമായ അവലോകനം നടത്തേണ്ടതാണ്.
- സി ഡി എസ് തലത്തിൽ ഓരോ പ്രവർത്തനത്തിന്റെയും വിലയിരുത്തലും, ഡോക്യുമെന്റേഷനും, ഉണ്ടാകേണ്ടതാണ്.
- അനിമേറ്റർമാർ ഇല്ലാത്ത പ്രദേശങ്ങളിൽ ആവശ്യമുള്ള പക്ഷം പ്രവർത്തനങ്ങൾ കൃത്യമായി നടത്താൻ റിസോഴ്സ് പേഴ്സൺമാരെ നിയമിക്കാവുന്നതാണ്. ഇതിനായി കുടുംബശ്രീ പൊതുവിൽ നിർദ്ദേശിച്ച മാർഗ്ഗരേഖ പ്രകാരമുള്ള ഹോണറേറിയം നൽകേണ്ടതാണ്. ഏതു സാഹചര്യത്തിൽ ആണ് ഇത്തരത്തിൽ റിസോഴ്സ്പേഴ്സൺമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നത് എന്ന വിവരം ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
- പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, നടപ്പിലാക്കുന്നതിനും ജില്ലാമിഷനിലെ എല്ലാ ടീമുകളുടെയും സഹായം ഉറപ്പാക്കേണ്ടതാണ്. അതത് ടീമുകൾക്ക് അനുവദിച്ചിട്ടുള്ള ടാർഗറ്റ് പൂർത്തീകരിക്കുമ്പോൾ അതിൽ പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ജില്ലാ മിഷൻ കോ ഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.

## T01

## പട്ടികവർഗ്ഗ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തൽ, അവലോകനം

സംസ്ഥാന തലത്തിൽ പട്ടികവർഗ്ഗ പ്രവത്തനങ്ങളുടെ പുരോഗതി വിലയിരുത്തൽ നടത്തുന്നതിനും, ആവശ്യമായ ഘട്ടങ്ങളിൽ പട്ടികവർഗ്ഗ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള വിദഗ്ധരുടെ കൺസൾട്ടൻസി, യോഗങ്ങൾ, പരിശീലനങ്ങൾ എന്നിവയ്ക്കു വേണ്ടിയുള്ള പ്രവർത്തനമാണിതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരളത്തിനകത്തും പുറത്തും നടക്കുന്ന വിവിധ പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയിൽ സംസ്ഥാന മിഷനിലെയും, ജില്ലാ-മിഷനിലെയും പ്രവർത്തകരെ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ ചെലവുകളും ഇവയിൽ ഉൾപ്പെടുത്താവുന്നതാണ്.

പരിശീലനവുമായും, അവലോകന യോഗങ്ങളുമായും ഉള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമ്പോൾ സംസ്ഥാന മിഷനിലെ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള മാനദണ്ഡം ഉപയോഗപ്പെടുത്തിയുള്ള ചെലവുകൾ നടത്താവുന്നതാണ്.

| മിഷൻ | വകയിരുത്തൽ തുക |
|---|---|
| സംസ്ഥാന മിഷൻ | 5,50,000 |

# T01(a)

## പട്ടികവർഗ്ഗ കുടുംബങ്ങളെ പൂർണമായും കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമാക്കുന്നതിനുള്ള ക്യാമ്പയിൻ

### ലക്ഷ്യം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സമ്പൂർണ അയൽക്കൂട്ട പ്രവേശനം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ ആണ് ഈ ഘട്ടത്തിൽ ഉൾപ്പെടുത്തുന്നത്. അയൽക്കൂട്ടങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്നതിന് കുടുംബശ്രീ ജില്ലാമിഷന്റെ സംയുക്ത ഇടപെടൽ ആവശ്യമാണ്. സംഘടനാ-ചുമതലയുള്ളവരുടെ നേതൃത്വത്തിൽ സി ഡി എസ് തലത്തിൽ ഊർജിതമായ ക്യാമ്പയിൻ സംഘടിപ്പിക്കണം.

### പ്രവർത്തന രീതി

- പട്ടികവർഗ്ഗ കുടുംബങ്ങൾ ഇനിയും കുടുംബശ്രീയിൽ ഉൾപ്പെടാൻ ബാക്കിയുള്ള സി ഡി എസ് കണ്ടെത്തൽ.
- ജില്ലാ മിഷനിലെ എല്ലാ സ്റ്റാഫുകൾക്കും പ്രത്യേക പരിശീലനവും, ചുമതല നൽകലും.
- സി ഡി എസ് തലത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങളിൽ കുടുംബശ്രീയിലില്ലാത്തവരുടെ ലിസ്റ്റ് തയ്യാറാക്കൽ.
- പട്ടികവർഗ്ഗ മേഖലയിൽ ഇടപെടുന്നതിനുള്ള കർമ്മ പദ്ധതി രൂപീകരിക്കൽ.
- ക്യാമ്പയിൻ സംബന്ധമായ പ്രത്യേക സി ഡി എസ് യോഗങ്ങൾ, ഊരുകൂട്ട യോഗങ്ങൾ, എ ഡി എസ് യോഗങ്ങൾ.
- വാർഡ് അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾക്കായി അനിമേറ്റർമാരെ നിയോഗിക്കൽ.
- ക്യാമ്പയിൻ സംബന്ധമായുള്ള പരിശീലനം പ്രൊമോട്ടർ, അനിമേറ്റർ, കുടുംബശ്രീ എ ഡി എസ് എന്നിവർക്ക് സംയുക്തമായി സംഘടിപ്പിക്കൽ.
- പ്രത്യേക അയൽക്കൂട്ട യോഗങ്ങളും വിട്ടുപോയവരെ അയൽക്കൂട്ടങ്ങളിൽ ചേർക്കൽ പ്രവർത്തനവും.
- പുതിയ അയൽക്കൂട്ട രൂപീകരണം (സാധ്യമാകുന്നയിടങ്ങളിൽ).

മേൽപ്രവർത്തനങ്ങൾ ജില്ലാ മിഷനുകൾക്ക് സംഘടിപ്പിക്കുന്നതിന് പ്രത്യേകിച്ച് ചെലവുകൾ ഉണ്ടാകാൻ സാധ്യതയില്ല. പരിശീലനങ്ങൾ, സി ഡി എസ് തല യോഗങ്ങളിൽ വച്ച് സംഘടിപ്പിക്കുയാണ് ചെയ്യേണ്ടത്. കൂടാതെ ആവശ്യമാകുന്ന പക്ഷം പ്രവർത്തനങ്ങൾക്കായി സംഘടന ചുമതലയുള്ള ബ്ലോക്ക് കോർഡിനേറ്റർ മുഖാന്തിരം ആവശ്യമായ ബജറ്റ് തയ്യാറാക്കി സി ഡി എസ് മുഖാന്തിരം ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ വേണ്ടിവരുന്ന തുകകൾ സംഘടന ശാക്തീകരണത്തിൽ നിന്നോ, പട്ടികവർഗ്ഗ പ്രവർത്തനത്തിനോ അനുവദിച്ച ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു മുൻതൂക്കം നൽകേണ്ടതാണ്.

# T 01 (b)

## നിലവിലുള്ള പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം

**ലക്ഷ്യം**

പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ നിലവിൽ കേരളത്തിൽ 7712 എണ്ണം നിലവിലുണ്ട് ഇതിൽ അട്ടപ്പാടി മേഖലയിൽ മാത്രം 741 എണ്ണമാണുള്ളത്. ഇവയുൾപ്പെടെയുള്ളവയുടെ പൂർണമായ ശാക്തീകരണം പ്രധാനപ്പെട്ട ഇടപെടലുകളിലൊന്നാണ്.അയൽക്കൂട്ടങ്ങൾ രൂപീകരിക്കപ്പെട്ടതിനു ശേഷം ആവശ്യമായ രീതിയിലുള്ള അയൽക്കൂട്ട പരിശീലനം, കണക്കെഴുത്ത് പരിശീലനം, ഗ്രേഡിംഗ്, ലിങ്കേജ്, ഓഡിറ്റിംഗ് എന്നിവ മെച്ചപ്പെടുത്തൽ അടക്കമുള്ള പ്രവർത്തനങ്ങൾ ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അനിമേറ്റർ, കുടുംബശ്രീ സി ഡി എസ് പ്രതിനിധികൾ എന്നിവരുടെ തുടർച്ചയായുള്ള അയൽക്കൂട്ടസന്ദർശനവും ആവശ്യമായ രീതിയിലുള്ള ഇടപെടലും ഉറപ്പാക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനാണ് മുൻഗണന നൽകുക.

## പ്രവർത്തന രീതി

- *സി ഡി എസ് തലത്തിൽ അയൽക്കൂട്ടങ്ങൾക്കാവശ്യമുള്ള പരിശീലനം സംഘടിപ്പിക്കൽ:* പ്രധാനമായും കുടുംബശ്രീ നിയമാവലി, യോഗം ചേരൽ, ധനവിനിയോഗ നടപടികൾ എന്നിവയുൾപ്പെടുന്ന മൊഡ്യൂൾ അടിസ്ഥാനത്തിലുള്ള പരിശീലനം.
- അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ് പൂർത്തീകരിക്കുന്നതിനുള്ള പ്രത്യേക ഗ്രേഡിംഗ് ക്യാമ്പയിൻ സി ഡി എസ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
- മാച്ചിംഗ് ഗ്രാന്റ് നൽകുന്നതിനുള്ള അപേക്ഷ സ്വീകരിക്കുക.പരിശോധനയുടെ അടിസ്ഥാനത്തിൽ ഈ അപേക്ഷകൾ അംഗീകരിച്ചു നൽകുക.
- പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾക്കുള്ള സാമ്പത്തിക സാക്ഷരതാ ക്ലാസുകൾ മൈക്രോ ഫിനാൻസ് ടീമിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുക
- അയൽക്കൂട്ടങ്ങൾക്കുള്ള മൈക്രോ ക്രെഡിറ്റ് പ്ലാനുകൾ തയ്യാറാക്കൽ.
- പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളുടെ ലോൺ ആവശ്യങ്ങൾ സി ഡി എസ് വഴി ബാങ്കിനെ അറിയിക്കൽ.
- ലോൺ ആവശ്യമുള്ള അയൽക്കൂട്ടങ്ങളുടെ അപേക്ഷകൾ തയ്യാറാക്കൽ. ലിങ്കേജ് ലോൺ ഉറപ്പാക്കൽ. ലോൺ മുൻപ് എടുത്തിട്ടുള്ള അയൽക്കൂട്ടങ്ങളുടെ തിരിച്ചടവ് വിലയിരുത്തൽ.
- ലോൺ തിരിച്ചടവ് ബാങ്കിൽ പൂർത്തീകരിക്കുന്നതുവരെ അയൽക്കൂട്ടത്തിനുള്ള പിന്തുണ ഉറപ്പാക്കൽ. മറ്റു ഫണ്ടുകൾ (ആർ എഫ്, വി ആർ എഫ്, സി ഐ എഫ്) അയൽക്കൂട്ടത്തിനു കിട്ടുന്നതിനുള്ള പിന്തുണ നൽകൽ.

പരിശീലനങ്ങൾ, സി ഡി എസ് തല യോഗങ്ങളിൽ വച്ച് സംഘടിപ്പിക്കുയാണ് ചെയ്യേണ്ടത്. കൂടാതെ ഫണ്ട് ആവശ്യമാകുന്ന പക്ഷം പ്രവർത്തനങ്ങൾക്കായി സംഘടന ചുമതലയുള്ള ബ്ലോക്ക് കോർഡിനേറ്റർ മുഖാന്തിരം ആവശ്യമായ ബജറ്റ് തയ്യാറാക്കി സി ഡി എസ് മുഖാന്തിരം ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ വേണ്ടിവരുന്ന തുക സംഘടന ശാക്തീകരണത്തിനോ, മൈക്രോ-ഫൈനാൻസിനോ, പട്ടികവർഗ്ഗ പ്രവർത്തനത്തിനോ അനുവദിച്ച ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു മുൻതൂക്കം നൽകേണ്ടതാണ്. പട്ടികവർഗ്ഗ മേഖലയിൽ ബാങ്കുകളുടെ സേവനം ലഭ്യമല്ലായെങ്കിൽ ബാങ്കുകളുമായി ചർച്ച ചെയ്ത് ബാങ്കിങ് കറസ്പോണ്ടന്റ്സിന്റെ സേവനം ഉപയോഗപ്പെടുത്താൻ ശ്രമിക്കാവുന്നതാണ്. ഇതിനായി മൈക്രോ ഫിനാൻസ്, ട്രൈബൽ ഡി പി എം മാർ യഥാർത്ഥ ആവശ്യകത കണ്ടെത്തി നടപടിസ്വീകരിക്കേണ്ടതാണ്.

ട്രൈബൽ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രൊമോട്ടർമാരുടെ പ്രവർത്തനങ്ങളുമായുള്ള സംയജനത്തിന് ശ്രമിക്കേണ്ടതാണ്.

# T02

**പട്ടികവർഗ്ഗ മേഖലയിൽ മികച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളെ വളർത്തിയെടുക്കൽ - സ്വയംപര്യാപ്ത പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ.**

## ലക്ഷ്യം

അയൽക്കൂട്ടങ്ങൾക്ക് അവയുടെ എല്ലാ പ്രവർത്തനങ്ങളും സ്വന്തം നിലയിൽ ചെയ്യുന്ന രീതിയിലും, കൂടാതെ അയൽക്കൂട്ടങ്ങളിൽ അംഗങ്ങൾക്ക് ഉപജീവന മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുന്നതിനും വേണ്ടി വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സ്വയംപര്യാപ്തതയിലേക്കു നീങ്ങുന്നതിനുള്ള പ്രവർത്തനങ്ങളാണിവ. ഇതിലൂടെ പുറമെ നിന്നുള്ള സഹായമില്ലാതെ സ്വന്തമായി പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ ഉണ്ടാവുക എന്ന നേട്ടമാണ് പ്രതീ–ക്ഷിക്കുന്നത്.

## പ്രവർത്തന രീതി

- ***അയൽക്കൂട്ടങ്ങളെ തെരഞ്ഞെടുക്കൽ***
  ആകെ തെരഞ്ഞെടുക്കുന്ന അയൽക്കൂട്ടങ്ങളിൽ 50% ഏറ്റവും പിന്നോക്കം നിൽക്കുന്നവയായി-രിക്കണം; ബാക്കി 50% താരതമ്യേന ദുർബ്ബലമായവയും. ഇതിനായി CDS തലത്തിൽ ആവശ്യമാ യ ചർച്ചകൾ സംഘടനാ ടീമിന്റെ പിന്തുണയോടെ സംഘടിപ്പിക്കേണ്ടതാണ്. മുൻ-വർഷങ്ങളിൽ ഇത്തരത്തിൽ തെരെഞ്ഞെടുത്ത അയൽക്കൂട്ടങ്ങളെ വീണ്ടും പരിഗണിക്കാൻ പാടുള്ളതല്ല. മറിച്ച് മുൻപ് തെരെഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളുടെ നിലവിലെ അവസ്ഥ-വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. അത്തരം അയൽക്കൂട്ടങ്ങളെ തുടർ-സഹായത്തിനു വേണ്ടി മറ്റേതെങ്കിലും പ്രവർത്തനത്തിലേക്ക് നിർദ്ദേശിക്കേണ്ടതാണ്.
- ***അയൽക്കൂട്ടങ്ങളുടെ മാപ്പിംഗും & വിവരങ്ങൾ സ്പ്രെഡ് ഷീറ്റിൽ ചേർക്കലും***
  സംസ്ഥാനമിഷൻ നൽകുന്ന സ്പ്രെഡ് ഷീറ്റിൽ അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ ചേർക്കുകയും എല്ലാ മാസവും അയൽക്കൂട്ട യോഗത്തിന്റെ നടത്തിപ്പും സാമ്പത്തിക പ്രവർത്ത-നങ്ങളും അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.
- ***അയൽക്കൂട്ടങ്ങൾക്കുള്ള വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ***
  സ്വയം പര്യാപ്തമാക്കാൻ ഉദ്ദേശിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് നിരന്തര പരിശീലനം നൽകേണ്ട-താണ്. അയൽക്കൂട്ട പഞ്ചസൂത്ര തത്വങ്ങൾ, കണക്കെഴുത്ത്, വിവിധ വകുപ്പുകളുടെ ആനുകൂ-ല്യങ്ങൾ, കുടുംബശ്രീ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള പരിശീല-നം നൽകേണ്ടതാണ്. മറ്റ് മേഖലകളെ സംബന്ധിച്ച പരിശീലനം തുടർന്ന് ആവശ്യമായിവരുന്ന അയൽക്കൂട്ടങ്ങൾക്കുള്ള പരിശീലന പരിപാടികൾ ജില്ലാ മിഷനിലെ മറ്റു ടീമുകളുമായി സംയോജിപ്പിച്ചു നടപ്പിലാക്കേണ്ടതുമാണ്.
- ***അയൽക്കൂട്ടങ്ങൾക്ക് ഫണ്ട് നൽകൽ***
  അയൽക്കൂട്ടങ്ങൾക്ക് നൽകേണ്ട കോർപ്പസ് ഫണ്ട്, റിവോൾവിങ് ഫണ്ട്, വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്, കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട് എന്നിവ നൽകുക. അതിനുള്ള മൈക്രോ പ്ലാൻ, വൾനറബിലിറ്റി റിഡക്ഷൻ പ്ലാൻ, ബിസിനസ് പ്ലാൻ എന്നിവ തയ്യാറക്കുന്നതി നുള്ള പിന്തുണയും അയൽക്കൂട്ടങ്ങൾക്കു നൽകേണ്ടതാണ്. മുൻ വർഷങ്ങളിൽ ഫണ്ട് ലഭിച്ച

അയൽക്കൂട്ടങ്ങളുടെ വിനിയോഗ രീതിയും, നിലവിലെ അയൽക്കൂട്ട പ്രവർത്തനാവസ്ഥയും കൃത്യമായി പഠനവിധേയമാക്കേണ്ടതാണ്.

- ***അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ്, ലിങ്കേജ്, ഓഡിറ്റിംഗ് എന്നിവ ഉറപ്പാക്കൽ***

നാളിതുവരെ ഗ്രേഡിംഗ് ചെയ്യാത്ത അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ് പൂർത്തീകരിക്കുന്നതിനും, ഓഡിറ്റിംഗിനുമായി പ്രത്യേക ഇടപെടൽ നടത്തേണ്ടതാണ്. ബാങ്ക് ലിങ്കേജ് സംബന്ധിക്കുന്ന വിവരങ്ങൾ, സാമ്പത്തിക സാക്ഷരതാ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ച് ലിങ്കേജ് വായ്പ ലഭ്യമാക്കുന്നതിനും ശ്രമിക്കേണ്ടതാണ്. അയൽക്കൂട്ടങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുകയും വേണം. മുൻ വർഷങ്ങളിൽ ഇത്തരത്തിൽ പ്രവൃത്തി ചെയ്ത അയൽക്കൂട്ടങ്ങളുടെ നിലവിലെ പുരോഗതി വിലയിരുത്തേണ്ടതും ഡോക്യുമെന്റ് ചെയ്യേണ്ടതുമാണ്.

- ***അയൽക്കൂട്ടങ്ങളുടെ പ്രവർത്തന നിരീക്ഷണവും പിന്തുണ ഉറപ്പാക്കലും***

സ്വയംപര്യാപ്ത അയൽക്കൂട്ടമായി തെരെഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളുടെ ചുമതല അനിമേറ്റർമാരെ ഏൽപ്പിക്കുകയും അയൽക്കൂട്ടത്തിന്റെ ആവശ്യാനുസരണമുള്ള പ്രവൃത്തികൾക്ക് സഹായിക്കുന്നതിന് ചുമതലപ്പെടുത്തേണ്ട തുമാണ്. മുഴുവൻ അയൽക്കൂട്ടങ്ങളുടെയും ട്രാൻസാക്ഷൻ എം ഐ എസ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ, ബാങ്ക് ലിങ്കേജ് തിരിച്ചടവ് എന്നിവ കൃത്യമായി ട്രാക്ക് ചെയ്ത് പുരോഗതികൾ സി ഡി എസിനെയും, ജില്ലാ മിഷനേയും അറിയിക്കാനുള്ള ചുമതലയും അനിമേറ്റർമാർക്ക് നൽകേണ്ടതാണ്.

## ജില്ലാതല പ്രവർത്തനത്തിലെ ഭൗതിക സാമ്പത്തിക വിവരണം

| ജില്ല | സ്റ്റേറ്റ് അലോട്ട്മെന്റ് | |
|---|---|---|
| | അയൽക്കൂട്ടങ്ങളുടെ എണ്ണം | തുക |
| തിരുവനന്തപുരം | 50 | 1,25,000 |
| കൊല്ലം | 30 | 75,000 |
| പത്തനംതിട്ട | 30 | 75,000 |
| ആലപ്പുഴ | 30 | 75,000 |
| കോട്ടയം | 50 | 1,25,000 |
| ഇടുക്കി | 70 | 1,75,000 |
| എറണാകുളം | 30 | 75,000 |
| തൃശ്ശൂർ | 50 | 1,25,000 |
| പാലക്കാട് | 50 | 1,25,000 |
| മലപ്പുറം | 70 | 1,75,000 |
| കോഴിക്കോട് | 30 | 75,000 |
| വയനാട് | 300 | 7,50,000 |
| കണ്ണൂർ | 80 | 2,00,000 |
| കാസർഗോഡ് | 130 | 3,25,000 |
| **ആകെ** | **1,000** | **25,00,000** |

# T03

## പട്ടികവർഗ്ഗ മേഖലയിൽ മൃഗസംരക്ഷണത്തിലൂന്നിയുള്ള ഉപജീവന പ്രവർത്തനങ്ങൾ

### ലക്ഷ്യം

പട്ടികവർഗ്ഗ മേഖലയിൽ കൂടുതൽ കുടുംബങ്ങളും ഏർപ്പെടുന്ന ഉപജീവന മാർഗ്ഗമായി മൃഗസംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിലൂടെ കുടുംബശ്രീ അയൽക്കൂട്ടങ്ങളി ലെ പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്കായി 470 ആട് വളർത്തൽ (വ്യക്തിഗത യൂണിറ്റ്), 185 മുട്ടക്കോഴി വളർത്തൽ (കോഴിയും കൂടും പദ്ധതി) യൂണിറ്റും രൂപീകരി ക്കുക. ഇതിലൂടെ ഒരു കുടുംബത്തിന് പ്രതിവർഷം 20,000 രൂപ അധിക വരുമാനം ഉറപ്പുവരുത്തുക എന്നതാണ് പ്രതീക്ഷിക്കുന്ന നേട്ടം.

### പ്രവർത്തന രീതി

- ***കഴിഞ്ഞ വർഷം ആരംഭിച്ച യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തൽ***

കഴിഞ്ഞ വർഷം ആരംഭിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്ത മൃഗ പരിപാലന യൂണിറ്റുകൾ മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനം മൃഗസംരക്ഷണ ടീമുമായി ചേർന്ന് നടപ്പിലാക്കുക. ആട് വളർത്തൽ യൂണിറ്റിന് ഒന്നിന് 30,000 രൂപയും, മുട്ടക്കോഴി വളർത്തൽ യൂണിറ്റിന് ഒന്നിന് 18,000 രൂപയും നൽകാവുന്നതാണ് (സുഭിക്ഷ കേരളം പദ്ധതി മാനദണ്ഡം). ഇത്തരത്തിൽ ഉണ്ടായ യൂണിറ്റുകളുടെ ഉൽപ്പന്ന വിപണനം അനിമൽ ഹസ്ബൻഡറി വിഭാഗത്തിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് നടപ്പിലാക്കാവുന്നതാണ്.

- ***പുതിയ യൂണിറ്റുകളെ കണ്ടെത്തൽ, പരിശീലനം***

അനിമൽ ഹസ്ബൻഡറി വിഭാഗവുമായി സംയോജിച്ച് പുതിയ യൂണിറ്റുകൾക്കുള്ള സാധ്യത പരിശോധിച്ച് ആട് വളർത്തൽ, മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക. മേൽനിർദ്ദേശ പ്രകാരമുള്ള സാമ്പത്തിക സഹായം നൽകുക. ആവശ്യമായ പരിശീലനം സംരംഭകർക്ക് നൽകുക.

- ***കാർഷിക മേഖലയിൽ സാധ്യമാകുന്നത്രയും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് കൃഷി ആരംഭിക്കുക.***

കാർഷിക പ്രവർത്തനങ്ങളുടെ ചുമതലയുള്ള ടീമുമായി ചേർന്ന് പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ആവശ്യമായ പരിശീലനങ്ങൾ, സാമ്പത്തിക സഹായങ്ങൾ എന്നിവ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുക. ഓരോ പ്രവർത്തനത്തിന്റെയും പുരോഗതി റിപ്പോർട്ടും ഡോക്യൂമെന്റ്ഷനും സംസ്ഥാനമിഷനിൽ സമർപ്പിക്കുക. ഈ പ്രവർത്തനങ്ങൾ കാർഷിക മേഖലാ ടീമിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് ബ്ലോക്ക് കോ ഓർഡിനേറ്റർമാർക്കും, 'ജീവ' മെമ്പർമാർക്കും അനിമേറ്റർമാരുടെ പിന്തുണ ഉറപ്പുവരുത്തുക.

## ജില്ലാതല പ്രവർത്തനത്തിലെ ഭൗതിക-സാമ്പത്തിക വിവരണം

| ക്രമ നമ്പർ | ജില്ല | സ്റ്റേറ്റ് അലോട്ട്മെന്റ് | | |
|---|---|---|---|---|
| | | **മൃഗസംരക്ഷണം** | **കോഴി വളർത്തൽ യൂണിറ്റ്** | **അനുവദിച്ച തുക** |
| 1. | തിരുവനന്തപുരം | 10 | 10 | 4,80,000 |
| 2. | കൊല്ലം | 10 | 10 | 4,80,000 |
| 3. | പത്തനംതിട്ട | 10 | 10 | 4,80,000 |
| 4. | ആലപ്പുഴ | 10 | 10 | 4,80,000 |
| 5. | കോട്ടയം | 10 | 10 | 4,80,000 |
| 6. | ഇടുക്കി | 90 | 30 | 32,40,000 |
| 7. | എറണാകുളം | 5 | 5 | 2,40,000 |
| 8. | തൃശ്ശൂർ | 5 | 5 | 2,40,000 |
| 9. | പാലക്കാട് | 50 | 20 | 18,60,000 |
| 10. | മലപ്പുറം | 60 | 20 | 21,60,000 |
| 11. | കോഴിക്കോട് | 5 | 5 | 2,40,000 |
| 12. | വയനാട് | 155 | 20 | 50,10,000 |
| 13. | കണ്ണൂർ | 20 | 15 | 8,70,000 |
| 14. | കാസർഗോഡ് | 30 | 15 | 11,70,000 |
| | **ആകെ** | **470** | **185** | **1,74,30,000** |

# T 04

## ഉപജീവന സംരംഭങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണാ പദ്ധതി

### ലക്ഷ്യം

പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, പരമ്പരാഗത വൈദ്യം, തനത് ഭക്ഷണം, കരകൗശല ഉത്പന്നങ്ങൾ എന്നീ രംഗങ്ങളിൽ ഉപജീവന സംരംഭങ്ങളോ നൂതന ആശയ സംരംഭങ്ങളോ പ്രോത്സാഹിപ്പിച്ച് കുടുംബങ്ങൾക്ക് അധിക വരുമാനം ഉറപ്പാക്കലാണ് ഇവിടെ ലക്ഷ്യമിടുന്നത്. ഉപജീവന സംരംഭങ്ങളെ സുസ്ഥിരമാക്കി നിലനിർത്തുന്നതിലൂടെ പ്രതിവർഷം ഒരു സംരംഭകന്/സംരംഭത്തിന് 30,000 രൂപ വരുമാനം ഉറപ്പുവരുത്താൻ സാധിക്കേണ്ടതാണ്. നിലവിലുള്ള ഗ്രൂപ്പുകളെ കേന്ദ്രീകരിച്ച് പ്രദർശന - വിപണന മേളകളിൽ - ദേശീയ മേളകളിലടക്കം - പങ്കെടുപ്പിക്കുകയും ഉത്പന്നങ്ങളുടെ വിപണനത്തിന് സഹായിക്കുകയും വേണം.

### പ്രവർത്തന രീതി

1. നിലവിലുള്ള പരമ്പരാഗത/നൂതന സംരംഭകരുടെ സ്ഥിതി വിവരങ്ങൾ ശേഖരിക്കുക. പുതിയ ഗ്രൂപ്പുകൾക്ക് മുൻഗണന അടിസ്ഥാനത്തിൽ സ്റ്റാർട്ട് അപ്പ് ഫണ്ട് ഗ്രൂപ്പിന് 60,000 രൂപ, വ്യക്തിഗത സംരംഭത്തിന് 20,000 രൂപ എന്ന നിരക്കിൽ നൽകുക.
2. ജില്ലയിലെ മൈക്രോ എന്റർപ്രൈസസ് ടീമുമായി കൂടിയാലോചിച്ച് മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി ഇത്തരം പരമ്പരാഗത സംരഭങ്ങൾക്കു വേണ്ടിയുള്ള പെർഫോമൻസ് ഇമ്പ്രൂവ്മെന്റ് പരിശീലനവും, തുടർ പിന്തുണയും ഉറപ്പുവരുത്തുക. എം ഇ ടീമിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തി ആവശ്യമായ ടെക്നോളജി സപ്പോർട്ട്, സെക്കന്റ് ഡോസ് അസിസ്റ്റൻസ് എന്നിവയും ഉറപ്പുവരുത്തുക. പ്രവർത്തന മൂലധനത്തിൽ പ്രശ്നങ്ങൾ നേരിടുന്ന യൂണിറ്റിന് റിവോൾവിങ് ഫണ്ട് ലഭ്യമാക്കുക. ഇതിനായി എം ഇ സി മാരെ ഉപയോഗപ്പെടുത്തി പ്രൊജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുക. ഈ സംരംഭങ്ങളുടെ ബിസിനസ് നിലവാരം ട്രാക്ക് ചെയ്യുകയും കുടുംബശ്രീ വെബ്സൈറ്റിൽ ഉൾപ്പെടുത്തുകയും ചെയ്യുക.
3. പരമ്പരാഗത ഉത്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകളെ വിവിധ മേളകളിൽ സംസ്ഥാനത്തിനകത്തും, പുറത്തും പങ്കെടുപ്പിക്കുന്നതിനു ജില്ലാ മിഷനിലെ മാർക്കറ്റിംഗ് ടീമുമായി കൂടിയാലോചിച്ചു പ്രവർത്തനം നടത്തുക. കുടുംബശ്രീ മേളകൾ, സർക്കാർ വാർഷിക ആഘോഷ പരിപാടികൾ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേളകൾ, ട്രൈഫെഡ് മേളകൾ എന്നിവയിലെ പങ്കാളിത്തം ഉറപ്പാക്കുക. നിലവിൽ കുടുംബശ്രീ യൂണിറ്റുകൾ പങ്കെടുക്കുമ്പോൾ പാലിക്കേണ്ട എല്ലാ നടപടി ക്രമങ്ങളും ഈ യൂണിറ്റുകൾക്കും ഉറപ്പാക്കുക.
4. പുതുതായി ആരംഭിക്കാൻ സാധ്യമാകുന്ന പരമ്പരാഗത/നൂതന സംരംഭങ്ങൾ ആരംഭിക്കുകയും, അതിനാവശ്യമായ സാമ്പത്തിക പിന്തുണ എം ഇ ടീമിന്റെ സംരംഭ ഫണ്ടിൽ നിന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

## ജില്ലാതല പ്രവർത്തനത്തിലെ ഭൗതിക - സാമ്പത്തിക വിവരണം

| | സ്റ്റേറ്റ് അലോട്ട്മെന്റ് | | | |
|---|---|---|---|---|
| **ജില്ല** | ഗ്രൂപ്പ് ടാർഗറ്റ് | വ്യക്തിഗത ടാർഗറ്റ് | ഗ്രൂപ്പ് തുക | വ്യക്തിഗത തുക |
| തിരുവനന്തപുരം | 1 | 1 | 60,000 | 20,000 |
| കൊല്ലം | 3 | 2 | 1,80,000 | 40,000 |
| പത്തനംതിട്ട | 5 | 0 | 3,00,000 | 0 |
| ആലപ്പുഴ | 2 | 0 | 1,20,000 | 0 |
| കോട്ടയം | 3 | 1 | 1,80,000 | 20,000 |
| ഇടുക്കി | 10 | 15 | 6,00,000 | 3,00,000 |
| എറണാകുളം | 1 | 1 | 60,000 | 20,000 |
| തൃശ്ശൂർ | 2 | 1 | 1,20,000 | 20,000 |
| പാലക്കാട് | 5 | 1 | 3,00,000 | 20,000 |
| മലപ്പുറം | 1 | 1 | 60,000 | 20,000 |
| കോഴിക്കോട് | 1 | 1 | 60,000 | 20,000 |
| വയനാട് | 10 | 1 | 6,00,000 | 20,000 |
| കണ്ണൂർ | 5 | 3 | 3,00,000 | 60,000 |
| കാസർഗോഡ് | 3 | 3 | 1,80,000 | 60,000 |
| **ആകെ** | **52** | **31** | **31,20,000** | **6,20,000** |

# T04 (a)

## എൻ ടി എഫ് പി വാല്യു ചെയിൻ സപ്പോർട്ട്

### ലക്ഷ്യം

വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള ഇടപെടലുകളാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം. വനവിഭവങ്ങൾ ശേഖരിക്കുന്ന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വനവിഭവങ്ങൾ സൂക്ഷിക്കുന്നതിനും, മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനും വിൽപന നടത്തുന്നതിനുമായി ആവശ്യമായ പിന്തുണ ഉറപ്പാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത്.

### പ്രവർത്തന രീതി

1. വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽപനയ്ക്കും പരിശീലനങ്ങൾ.
2. വനവിഭവ ശേഖരണത്തിനാവശ്യമായ സാമഗ്രികൾ, പണിയായുധങ്ങൾ, ശേഖരണ പാത്രങ്ങൾ എന്നിവ വാങ്ങുന്നതിന് സഹായം.
3. സംഭരണകേന്ദ്രങ്ങൾ, സാധനങ്ങൾ സൂക്ഷിക്കാനുള്ള കണ്ടെയ്നറുകൾ എന്നിവ തയ്യാറാക്കി/വാങ്ങി നൽകൽ.
4. മൂല്യവർധിത ഉൽപ്പന്ന നിർമാണം നടത്തുന്നതിന് വേണ്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.
5. സംരംഭ മേളകളിലും, മാർക്കറ്റിലും ഉൽപന്നങ്ങൾ വിൽക്കുന്നതിനുള്ള പിന്തുണ നൽകൽ.
6. പരമ്പരാഗത ഉൽപ്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകളെ വിവിധ മേളകളിൽ സംസ്ഥാനത്തിനകത്തും പുറത്തും മേളകളിൽ പങ്കെടുപ്പിക്കുന്നതിന് ജില്ലാ മിഷനിലെ മാർക്കറ്റിംഗ് ടീമുമായി കൂടിയാലോചിച്ചു പ്രവർത്തനം നടത്തുക. കുടുംബശ്രീ മേളകൾ, സർക്കാർ വാർഷിക ആഘോഷ പരിപാടികൾ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേളകൾ, ട്രൈഫെഡ് മേളകൾ എന്നിവയിലെ പങ്കാളിത്തം ഉറപ്പാക്കുക. നിലവിൽ കുടുംബശ്രീ യൂണിറ്റുകൾ പങ്കെടുക്കുമ്പോൾ പാലിക്കേണ്ട എല്ലാ നടപടി ക്രമങ്ങളും ഈ യൂണിറ്റുകൾക്കും ഉറപ്പാക്കുക.
7. പുതുതായി ആരംഭിക്കാൻ സാധ്യമാകുന്ന വനവിഭവ സംരംഭങ്ങൾ ആരംഭിക്കുകയും, അതിനാവശ്യമായ സാമ്പത്തിക പിന്തുണയും എം ഇ ടീമിന്റെ സംരംഭ ഫണ്ടിൽ നിന്ന് നൽകുകയോ അവിടെ ലഭ്യമാകാത്തപക്ഷം ട്രൈബൽ ഫണ്ടിൽ നിന്നും ഉപയോഗപ്പെടുത്തുകയോ ചെയ്യുക.
8. വയനാട് ജില്ലയിൽ ആരംഭിച്ചിരിക്കുന്ന 'എൻ ഊര്' പദ്ധതിയിൽ പട്ടിക വർഗ്ഗ കുടുംബശ്രീ ഗ്രൂപ്പ് സംരഭങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും, സംരംഭം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മറ്റ് കാര്യങ്ങൾക്കുമായി പ്രത്യേക പദ്ധതി തയ്യാറാക്കി മാനദണ്ഡങ്ങൾ പാലിച്ചുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.
9. കൂടുതൽ പേർക്ക് ഉപജീവനം സാധ്യമാകുന്ന 'വൻ ധൻ വികാസ് കേന്ദ്ര' പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.
10. മുൻ വർഷങ്ങളിൽ സംഘടിപ്പിച്ച യുവജനങ്ങളുടെ വനവിഭവ ശേഖരണ ഗ്രൂപ്പുകൾക്ക് പ്രൊജക്റ്റുകൾ തയ്യാറാക്കി രണ്ടു ലക്ഷം രൂപ വരെയുള്ള റിവോൾവിങ് ഫണ്ട് അനുവദിക്കൽ. (ഓരോ ഗ്രൂപ്പിലും ചുരുങ്ങിയത് 5 പേരെങ്കിലും ഉണ്ടായിരിക്കണം)

## ജില്ലാതല പ്രവർത്തനത്തിന്റെ ഭൗതിക- സാമ്പത്തിക വിവരണം

| **ജില്ല** | **സ്റ്റേറ്റ് അലോട്ട്മെന്റ്** |
|---|---|
| ഇടുക്കി | 10,00,000 |
| പാലക്കാട് | 10,00,000 |
| മലപ്പുറം | 10,00,000 |
| വയനാട് | 10,00,000 |
| **ആകെ** | 40,00,000 |

## T04(b)

## മാർക്കറ്റിംഗ്, അനുബന്ധ ഇടപെടലുകൾ

### ലക്ഷ്യം

പട്ടികവർഗ്ഗ മേഖലയിൽ ഉല്പാദന സാധ്യതയുള്ള പരമ്പരാഗത ഉൽപ്പന്നങ്ങൾ, ചെറുധാന്യങ്ങൾ, വനവിഭവ ശേഖരണത്തിലെ ഉൽപ്പനങ്ങൾ, നൂതന സംരംഭങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് മികച്ച രീതിയിൽ വിപണി ഉറപ്പാക്കുന്നതിന് ജില്ലയിലെ മാർക്കറ്റിംഗ് ടീമുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

ഉൾപ്രദേശങ്ങളിൽ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ, വിപണിയിൽ/ മാസച്ചന്തകളിൽ/ സംരംഭ മേളകളിൽ എത്തിക്കുന്നതിനുള്ള യാത്രാസഹായം നൽകുന്നതിലൂടെ ഉൾപ്രദേശങ്ങളിലെ സംരംഭകർക്ക് സ്ഥിരമായ വരുമാനത്തിനും സ്ഥിര വിപണി കണ്ടെത്തുന്നതിനും ഈ പ്രവർത്തനത്തിലൂടെ സാധ്യമാകണം.

### പ്രവർത്തന രീതി

- ജില്ലയിലെ എം ഇ/മാർക്കറ്റിങ് ടീമുമായി കൂടിയാലോചിച്ച് മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി പരമ്പരാഗത സംരഭങ്ങൾക്കു വേണ്ടിയുള്ള പെർഫോമൻസ് ഇമ്പ്രൂവ്മെന്റ് പരിശീലനവും തുടർ പിന്തുണയും ഉറപ്പുവരുത്തുക. ഈ സംരംഭങ്ങളുടെ ബിസിനസ് നിലവാരം ട്രാക്ക് ചെയ്യുകയും കുടുംബശ്രീ വെബ്സൈറ്റിൽ ഉൾപ്പെടുത്തുകയും ചെയ്യുക.
- പരമ്പരാഗത ഉൽപ്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകളെ വിവിധ മേളകളിൽ സംസ്ഥാനത്തിനകത്തും, പുറത്തും പങ്കെടുപ്പിക്കുന്നതിനു ജില്ലാ മിഷനിലെ മാർക്കറ്റിംഗ് ടീമുമായി കൂടിയാലോചിച്ചു പ്രവർത്തനം നടത്തുക. കുടുംബശ്രീ മേളകൾ സർക്കാർ വാർഷിക ആഘോഷപരിപാടികൾ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേളകൾ, ട്രൈഫെഡ് മേളകൾ എന്നിവയിലെ പങ്കാളിത്തം എന്നിവ ഉറപ്പാക്കുക. നിലവിൽ കുടുംബശ്രീ യൂണിറ്റുകൾ പങ്കെടുക്കുമ്പോൾ പാലിക്കേണ്ട എല്ലാ നടപടി ക്രമങ്ങളും ഈ യൂണിറ്റുകൾക്കും ഉറപ്പാക്കുക.
- പുതുതായി സാധ്യമാകുന്ന പരമ്പരാഗത/നൂതന സംരംഭങ്ങൾ ആരംഭിക്കുകയും, അതിനാവശ്യമായ വിപണന പിന്തുണയും മാർക്കറ്റിംഗ് ടീമിൽ നിന്നും ഉപയോഗപ്പെടുത്തുക.
- ഓരോ ജില്ലകളും പട്ടികവർഗ്ഗ മേഖലയിൽ നിന്നും ഒരുൽപ്പന്നമെങ്കിലും മികച്ച രീതിയിൽ പായ്ക്ക് ചെയ്ത് ബ്രാൻഡ് ചെയ്തു വിപണിയിൽ ഇറക്കുക. ഇതിനായി ആവശ്യമുള്ള പരിശീലനങ്ങൾ, മറ്റു പിന്തുണകൾ മാനദണ്ഡങ്ങൾ പാലിച്ചു നടപ്പിലാക്കുക.

## ജില്ലാതല പ്രവർത്തനത്തിന്റെ സാമ്പത്തിക വിവരണം

| **ജില്ല** | **സ്റ്റേറ്റ് അലോട്ട്മെന്റ്** |
|---|---|
| തിരുവനന്തപുരം | 50,000 |
| കൊല്ലം | 1,00,000 |
| പത്തനംതിട്ട | 50,000 |
| ആലപ്പുഴ | 50,000 |
| കോട്ടയം | 50,000 |
| ഇടുക്കി | 2,00,000 |
| എറണാകുളം | 50,000 |
| തൃശ്ശൂർ | 1,00,000 |
| പാലക്കാട് | 3,00,000 |
| മലപ്പുറം | 2,00,000 |
| കോഴിക്കോട് | 50,000 |
| വയനാട് | 3,00,000 |
| കണ്ണൂർ | 1,50,000 |
| കാസർഗോഡ് | 1,50,000 |
| **ആകെ** | **18,00,000** |

# T 05

## പട്ടികവർഗ്ഗ ജെ എൽ ജി കളുടെ രൂപീകരണവും, കോർപ്പസ് ഫണ്ട് നൽകലും

### ലക്ഷ്യം

പട്ടികവർഗ്ഗ മേഖലയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ ജീവനോപാധികൾ ശക്തിപ്പെടുത്തുക-യാണ് ലക്ഷ്യം. പട്ടികവർഗ്ഗക്കാർക്ക് താൽപ്പര്യമുള്ള കൃഷി, വനവിഭവശേഖരണം, മൃഗസംരക്ഷണം എന്നിവയ്ക്കാവശ്യമായ രീതിയിൽ പുതിയ ജെ എൽ ജി കൾ രൂപീകരിക്കുന്നതിനാവശ്യമായ ക്യാമ്പയിൻ സംഘടിപ്പിക്കൽ പ്രധാനമാണ്. പ്രാരംഭ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ജെ.എൽ.ജികൾക്ക് ഗ്രൂപ്പ് ഒന്നിനു 4,000 രൂപ കോർപ്പസ് ഫണ്ട് നൽകാവുന്നതാണ്. നടപ്പുവർഷം 430 ജെ.എൽ.ജി കൾക്ക് കോർപ്പസ് ഫണ്ട് നൽകാനാവും. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1,500 കർഷകർ കൃഷി ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### പ്രവർത്തന രീതി

1. പുതിയ ഗ്രൂപ്പുകളെ കണ്ടെത്തുക. പട്ടികവർഗ്ഗ മേഖലയിൽ ജെ എൽ ജി ഗ്രൂപ്പുകൾ ഫാം ലൈവിലിഹുഡ് ടീമിന്റെയും സഹായത്തോടു കൂടി ആരംഭിക്കുക. പ്രാരംഭ രജിസ്ട്രേഷൻ നടപടികൾക്ക് ശേഷം അവശ്യമായ അപേക്ഷ ആനിമേറ്റർമാരുടെ സഹായത്തോടു കൂടി തയ്യാറാക്കി വയ്ക്കുക.
2. തെരഞ്ഞെടുത്ത ഗ്രൂപ്പുകൾക്ക് കോർപ്പസ് ഫണ്ട് നൽകുക.
3. ഏതു തരം വിളകൾ എത്ര ഏക്കറിൽ കൃഷി ചെയ്യുന്നുവെന്ന് ആനിമേറ്റർ മുഖാന്തിരം ഉറപ്പുവരുത്തുക.
4. കാർഷിക മേഖലയിൽ ആവശ്യമായ പരിശീലനങ്ങൾ ഫാം ലൈവിലിഹുഡ് ടീമിന്റെ സഹായ-ത്തോടെ നടപ്പിലാക്കുക.
5. നാളിതുവരെ കോർപ്പസ് ഫണ്ട് കൊടുത്ത ജെ.എൽ.ജി ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരു-ത്തുക. കൃത്യമായ നേട്ടങ്ങൾ കോട്ടങ്ങൾ എന്നിവ വിലയിരുത്തി എല്ലാ പട്ടികവർഗ്ഗ ജെ.എൽ.ജി കളെയും ഗ്രേഡ് ചെയ്യുക.
6. പട്ടികവർഗ്ഗ ജെ.എൽ.ജികൾക്കു ബാങ്ക് ലിങ്കേജ് ലോൺ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ ജില്ലാ മിഷൻ എം എഫ് ടീമുമായി ചേർന്ന് നടപ്പിലാക്കുക.
7. നിലവിലുള്ള ജെ.എൽ. ജി ലോണുകളുടെ തിരിച്ചടവും, ഇവർക്ക് ലഭ്യമാക്കേണ്ട പലിശ സബ്സിഡിയും കൃത്യമായി ട്രാക്ക് ചെയ്യുക.
8. വനവിഭവശേഖരണത്തിനും, മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനത്തിനും സാധ്യമാകുന്നിടത്ത് പുതിയ ജെ എൽ ജി കൾ രൂപീകരിക്കുക.

**ജില്ലാതല പ്രവർത്തനത്തിന്റെ ഭൗതിക - സാമ്പത്തിക വിവരണം.**

| ജില്ല | സ്റ്റേറ്റ് അലോട്ട്മെന്റ് | |
|---|---|---|
| | ജെ എൽ ജി കളുടെ എണ്ണം | തുക |
| തിരുവനന്തപുരം | 5 | 20,000 |
| കൊല്ലം | 10 | 40,000 |
| പത്തനംതിട്ട | 10 | 40,000 |
| ആലപ്പുഴ | 5 | 20,000 |
| കോട്ടയം | 15 | 60,000 |
| ഇടുക്കി | 45 | 1,80,000 |
| എറണാകുളം | 10 | 40,000 |
| തൃശ്ശൂർ | 5 | 20,000 |
| പാലക്കാട് | 50 | 2,00,000 |
| മലപ്പുറം | 5 | 20,000 |
| കോഴിക്കോട് | 2 | 8,000 |
| വയനാട് | 50 | 2,00,000 |
| കണ്ണൂർ | 18 | 72,000 |
| കാസർഗോഡ് | 20 | 80,000 |
| **ആകെ** | **250** | **10,00,000** |

# T 06

## ബ്രിഡ്ജ് കോഴ്സ് നടപ്പാക്കൽ

### ലക്ഷ്യം

പട്ടികവർഗ്ഗ മേഖലയിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ ഊരിൽ തന്നെ പഠനസംബന്ധമായതും പഠ്യേതരവുമായ അധിക വിദ്യാഭ്യാസം നൽകുന്നതിനു വേണ്ടിയുള്ള ട്യൂഷൻ സെന്ററുകൾ ആരംഭിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇത്തരം പ്രവർത്തനത്തിലൂടെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പഠനം എളുപ്പമാക്കാനും, കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാനും, ദൈനംദിന ജീവിതത്തിലെ ആരോഗ്യ - ശുചിത്വ - പോഷക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ഉറപ്പുവരുത്താനും സാധിക്കും. മുൻ വർഷങ്ങളിൽ ആരംഭിച്ച ബ്രിഡ്ജ് കോഴ്സുകൾ തുടരുന്നതിനാണ് ഈ വർഷം പ്രാധ്യാന്യം നൽകുന്നത്. ഈ വർഷം ഇതിനുള്ള ഫണ്ട് എൻ ആർ എൽ എം ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

### പ്രവർത്തന രീതി

- കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ച ബ്രിഡ്ജ് കോഴ്സുകൾ പ്രവർത്തനം തുടരാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുക. നിലവിലുള്ള ബ്രിഡ്ജ് കോഴ്സ് പ്രവർത്തിക്കുന്ന പ്രദേശത്തെ കുട്ടികളുടെ ഒരു വർഷത്തെ അധ്യയന നേട്ടങ്ങൾ മനസ്സിലാക്കുക.
- ബ്രിഡ്ജ് കോഴ്സിൽ ഉണ്ടായിരുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാര നിർണയം DIET മുഖാന്തിരം നടത്തുക. വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾ മനസിലാക്കി ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകുക.
- ബ്രിഡ്ജ് കോഴ്സ് നടത്തുന്ന പ്രദേശത്തെ സി.ഡിഎസ്സിനെ പ്രവർത്തനം മോണിറ്ററിങ് ചെയ്യാൻ ചുമതലപ്പെടുത്തി ആവശ്യമായ ഫണ്ട് മുൻകൂറായി സി.ഡി.എസ്സിന് അനുവദിച്ചു നൽകുക.
- ബ്രിഡ്ജ് കോഴ്സിനു വേണ്ടി ഒരു പുസ്തക ശേഖരണ ക്യാമ്പയിൻ ജില്ലയിൽ സംഘടിപ്പിക്കുക കുടുംബശ്രീ സംവിധാനത്തിനകത്തും പുറത്തുമുള്ള ആളുകളിൽ നിന്നും ഒരു പുസ്തകമെങ്കിലും ശേഖരിക്കുന്ന രീതിയിൽ ഈ ക്യാമ്പയിൻ നടത്തുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുക.
- വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ കണ്ടെത്തുന്നതിന് ആവശ്യമായ നടപടി ജില്ലാമിഷൻ തലത്തിൽ സ്വീകരിക്കുക. ആയതിൻ പ്രകാരം ബ്രിഡ്ജ് കോഴ്സിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക (ഉദാ: അടിസ്ഥാനസൗകര്യം ഉറപ്പാക്കൽ, പഠനോപകരണങ്ങൾ വിതരണം ചെയ്യൽ, റിഫ്രഷ്മെന്റ് ഏർപെടുത്തൽ, പഠന ക്യാമ്പുകൾ സംഘടിപ്പിക്കൽ തുടങ്ങിയവ).

## ജില്ലാതല പ്രവർത്തനത്തിന്റെ ഭൗതിക വിവരണം.

| ജില്ല | സ്റ്റേറ്റ് അലോട്ട്മെന്റ് ബ്രിഡ്ജ് കോഴ്സ് സെന്ററുകളുടെ എണ്ണം എണ്ണം |
|---|---|
| പത്തനംതിട്ട | 5 |
| ഇടുക്കി | 12 |
| തൃശൂർ | 7 |
| പാലക്കാട് | 5 |
| മലപ്പുറം | 26 |
| കോഴിക്കോട് | 1 |
| വയനാട് | 100 |
| കണ്ണൂർ | 25 |
| കാസർഗോഡ് | 12 |
| **ആകെ** | **193** |

എൻ ആർ എൽ എം പദ്ധതി വഴി ബ്രിഡ്ജ് സ്കൂൾ നടപ്പിലാക്കേണ്ടതിന്റെ എണ്ണമാണ് മുകളിൽ നൽകിയിരിക്കുന്നത്.

ബ്രിഡ്ജ് കോഴ്സ് നടപ്പിലാക്കുന്നതിനാവശ്യമായ തുക എൻ ആർ എൽ എമ്മിൽ T 15 ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. എൻ ആർ എൽ എമ്മിലെ സ്പെഷ്യൽ പ്രൊജക്റ്റ് പ്രദേശത്തും, ജില്ലയിലെ മറ്റു സാധ്യമാകുന്ന പ്രദേശത്തും ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ബ്രിഡ്ജ് കോഴ്സ് ആരംഭിക്കാവുന്നതാണ്. ബ്രിഡ്ജ് കോഴ്സ് നടപ്പിലാക്കുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേഷനൽ പ്രോസ്യുഡർ (SOP) തയ്യാറാക്കുന്നതാണ്. ആയതു ലഭ്യമാകുന്നതുവരെ പ്രവർത്തനങ്ങൾ തുടർന്ന് സംഘടിപ്പിക്കുക.

# T 08

## അയൽക്കൂട്ട കോർപ്പസ് ഫണ്ട്

### ലക്ഷ്യം

പുതുതായി ആരംഭിക്കുന്ന പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾക്ക് പ്രാരംഭ പ്രവർത്തനങ്ങൾക്കായി 15,000 രൂപ കോർപ്പസ് ഫണ്ട് നൽകാവുന്നതാണ്. ഇതിലൂടെ അയൽക്കൂട്ട പ്രവർത്തനം മെച്ചപ്പെടുത്താനും അതിലുപരി അയൽക്കൂട്ട പ്രദേശത്തെ മറ്റുപണമിടപാടുകാരുടെ ഇടപെടൽ ഒഴിവാക്കാനും സാധിക്കുന്നു.

### പ്രവർത്തന രീതി

1. മുൻപ് അപേക്ഷ തയ്യാർ ചെയ്തുവച്ച് തുക നല്കാൻ സാധിക്കാത്ത പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളെയും ഇതിൽ പരിഗണിച്ച് തുക നൽകാവുന്നതാണ്.
2. ഓരോ ജില്ലയിലും ഏറ്റവും കുറഞ്ഞ ടാർഗറ്റ് ആണ് നൽകിയിട്ടുള്ളത്. കൂടുതൽ സാധ്യതയുണ്ടെങ്കിൽ ആയതു പരിഗണിച്ച് കോർപ്പസ് ഫണ്ട് നൽകാവുന്നതാണ്.
3. പുതിയ അയൽക്കൂട്ടങ്ങൾ ആരംഭിച്ചു രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാൽ സി.ഡി.എസ് വഴി അപേക്ഷ സ്വീകരിച്ച് കോർപ്പസ് ഫണ്ട് ബാങ്ക് അക്കൗണ്ട് വഴി നൽകാവുന്ന താണ്.
4. കോർപ്പസ് ഫണ്ട് ലഭിച്ച അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ആനിമേറ്റർമാർ മുഖാന്തിരം പ്രത്യേകം നിരീക്ഷിക്കേണ്ടതും, അയൽക്കൂട്ടങ്ങളുടെ യോഗം, ധന ഇടപാടുകൾ എന്നിവ എല്ലാം എം.ഐ.എസ്സിൽ കൃത്യമായി അപ്പ്ഡേറ്റ് ചെയ്യേണ്ടതുമാണ്.
5. കോർപ്പസ് ഫണ്ട് ഉപയോഗപ്പെടുത്തി ഓരോ അയൽക്കൂട്ടവും നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി ക്രോഡീകരിച്ച ഡോക്യുമെന്റ് തയ്യാറാക്കുക.
6. കോർപ്പസ് ഫണ്ട് മുൻകാലങ്ങളിൽ കൈമാറുകയും പിന്നീട് പ്രവർത്തനം നിലച്ചതുമായ അയൽക്കൂട്ടങ്ങൾ ഉണ്ടെങ്കിൽ അവയെ കണ്ടെത്തുകയും സി.ഡി.എസ് അടിസ്ഥാനത്തിൽ വിലയിരുത്തി പുനഃപ്രവർത്തനത്തിനു സജ്ജമാക്കുക.

## ജില്ലാതല പ്രവർത്തന ഭൗതിക സാമ്പത്തിക വിവരണം

| ക്രമ നമ്പർ | ജില്ല | സ്റ്റേറ്റ് അലോട്ട്മെന്റ് | |
|---|---|---|---|
| | | അയൽക്കൂട്ടങ്ങളുടെ എണ്ണം | സാമ്പത്തികം |
| 1. | തിരുവനന്തപുരം | 2 | 30,000 |
| 2. | കൊല്ലം | 1 | 15,000 |
| 3. | പത്തനംതിട്ട | 0 | 0 |
| 4. | ആലപ്പുഴ | 0 | 0 |
| 5. | കോട്ടയം | 2 | 30,000 |
| 6. | ഇടുക്കി | 10 | 1,50,000 |
| 7. | എറണാകുളം | 1 | 15,000 |
| 8. | തൃശ്ശൂർ | 2 | 30,000 |
| 9. | പാലക്കാട് | 3 | 45,000 |
| 10. | മലപ്പുറം | 3 | 45,000 |
| 11. | കോഴിക്കോട് | 2 | 30,000 |
| 12. | വയനാട് | 5 | 75,000 |
| 13. | കണ്ണൂർ | 3 | 45,000 |
| 14. | കാസർഗോഡ് | 3 | 45,000 |
| | **ആകെ** | **37** | **5,55,000** |

# T09

## ജില്ലാ തനതും/നൂതനവും മറ്റു ഇടപെടലുകളും

### ലക്ഷ്യം

പ്രാദേശിക സഹാചര്യങ്ങൾക്കനുസരിച്ച് ജില്ലാ മിഷനുകൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി രൂപം കൊടുത്തു നടപ്പാക്കുന്ന പദ്ധതികളാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മുൻവർഷങ്ങളിൽ തുടങ്ങിയവയുടെ തുടർപ്രവർത്തനത്തോടൊപ്പം പുതിയ പദ്ധതികൾ രൂപകല്പന ചെയ്യാവുന്നതാണ്. കോവിഡ് പശ്ചാത്തലം പരിഗണിച്ച് കുടുംബശ്രീ നേതൃത്വത്തിൽ സംഘടിപ്പിക്കാവുന്ന പരിപാടികളും പ്രവർത്തനങ്ങളും ആലോചിക്കാവുന്നതാണ്.

### പ്രവർത്തന രീതി

1. മുൻ കാലങ്ങളിൽ ജില്ലകളിൽ നടത്തിയതോ ആരംഭിച്ചതോ ആയിട്ടുള്ള പ്രവർത്തനം തുടരാവുന്നതാണ്. കഴിഞ്ഞവർഷങ്ങളിൽ ആരംഭിച്ച പ്രവർത്തനം ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.
2. ജില്ലാ ഇനിഷ്യറ്റീവ് പ്രോഗ്രാം ഏതു തരത്തിലുള്ള പരിപാടി വേണമെന്ന് ജില്ലാ മിഷൻ കൂട്ടായി തീരുമാനമെടുക്കുക. എടുക്കുന്ന പരിപാടിയുടെ കൃത്യമായ വാർഷിക പ്ലാൻ തയ്യാറാക്കുക .
3. ജില്ലയ്ക്ക് അനുയോജ്യമായ രീതിയിൽ, സംയോജന സാധ്യത ഉപയോഗിച്ച് ജില്ലാ ഇനിഷ്യറ്റീവ് പ്രോഗ്രാം തയ്യാറാക്കി നടപ്പിലാക്കുക.
4. ഓരോ പ്രാവശ്യവും ചെയ്യുന്ന പ്രവർത്തനങ്ങൾ അവയിലൂടെ ഉണ്ടാകുന്ന നേട്ടങ്ങൾ എന്നിവ ഡോക്യുമെന്റ് ചെയ്യുക.
5. ജില്ലാ ഇനിഷ്യേറ്റീവ് പ്രവർത്തനത്തിന്റെ തുടർപ്രവർത്തനം ആസൂത്രണം നടത്തുക.
6. യുവജനങ്ങൾ, കൗമാരപ്രായക്കാർ എന്നിവർക്കുള്ള പരിപാടികൾ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കാവുന്നതാണ്. കൂടുതൽ പ്രവർത്തനം നടത്താൻ ആവശ്യമായ രീതിയിൽ ഫണ്ട് ആറ് മാസത്തിനു ശേഷം അതുവരെയുള്ള ഫണ്ട് വിനയോഗത്തിന്റെ അടിസ്ഥാനത്തിൽ ജില്ലകൾക്ക് അനുവദിക്കുന്നതാണ്.
7. മുൻ വർഷങ്ങളിലെ ജില്ലാ ഇനിഷ്യേറ്റീവ് ഡോക്യുമെന്റ് ചെയ്യുക. അതിൽ എല്ലാ തരത്തിലുമുള്ള നേട്ടങ്ങൾ, ഗുണങ്ങൾ, കുടുംബശ്രീ ഇടപെടലുകൾ എന്നിവയുടെ വിവരണവും ചിത്രങ്ങളും ഉൾപെടുത്തേണ്ടതാണ്.

## ജില്ലാതല പ്രവർത്തനങ്ങളുടെ സാമ്പത്തിക വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | സ്റ്റേറ്റ് അലോട്ട്മെന്റ് |
|---|---|---|
| 1. | തിരുവനന്തപുരം | 3,00,000 |
| 2. | കൊല്ലം | 1,50,000 |
| 3. | പത്തനംതിട്ട | 1,00,000 |
| 4. | ആലപ്പുഴ | 1,50,000 |
| 5. | കോട്ടയം | 1,00,000 |
| 6. | ഇടുക്കി | 5,00,000 |
| 7. | എറണാകുളം | 1,50,000 |
| 8. | തൃശ്ശൂർ | 1,50,000 |
| 9. | പാലക്കാട് | 2,00,000 |
| 10. | മലപ്പുറം | 4,50,000 |
| 11. | കോഴിക്കോട് | 1,50,000 |
| 12. | വയനാട് | 8,00,000 |
| 13. | കണ്ണൂർ | 4,00,000 |
| 14. | കാസർഗോഡ് | 4,00,000 |
| | **ആകെ** | **40,00,000** |

# T10

## യുവജനങ്ങൾക്കുള്ള പ്രവർത്തനം

### ലക്ഷ്യം

യുവാക്കൾക്കിടയിൽ കല, കായിക യൂത്ത് ക്ലബ്കളുടെ രൂപീകരണവും പ്രോത്സാഹനവും യൂത്ത് ക്ലബ് രജിസ്ട്രേഷനും നടത്തുക. യുവജനങ്ങളുടെ തൊഴിൽ പ്രവർത്തനത്തിന് മുൻതൂക്കം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. യുവജനങ്ങൾക്കുള്ള ഉപജീവനപ്രവർത്തനം ഉൾപ്പെടെയുള്ളവയ്ക്ക് മുൻതൂക്കം നൽകുക. യുവജന ഗ്രൂപ്പുകളിൽ എല്ലാവർക്കും തന്നെ ഉപജീവന പ്രവർത്തനങ്ങൾ കണ്ടെത്തിക്കൊടുക്കേണ്ട ചുമതല ജില്ലയിലെ എല്ലാ ടീമുകളും ഏറ്റെടുക്കണം. എല്ലാ ടീമുകളുമായുള്ള ഏകോപനം ട്രൈബൽ ടീം നടത്തേണ്ടതാണ് (ഉദാ: സൂക്ഷ്മ സംരഭ മേഖലയിലെ പരിശീലനം ആവശ്യമായവർക്ക് മൈക്രോ എന്റർപ്രൈസ് ടീമുമായി ചേർന്ന് പരിശീലനം നൽകണം. സ്കിൽ ട്രെയിനിങ് ആവിശ്യമുള്ളവർക്ക് ഡി ഡി യുജി കെ വൈ യിലൂടെ പരിശീലനം നൽകണം). യൂണിറ്റിലെ യുവജനങ്ങൾ എല്ലാം തന്നെ വിവിധ മേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്നവരായും മാറേണ്ടതാണ്.

### പ്രവർത്തന രീതി

1. ജില്ലാ തലത്തിൽ യുവജനങ്ങളുടെ ക്ലബ്ബുകൾ കേന്ദ്രികരിച്ചു പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.
2. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നവരും കൊഴിഞ്ഞു പോയവരുമായ കുട്ടികളെ ബ്രിഡ്ജ് കോഴ്സിൽ എത്തിക്കുക.
3. കലാ കായിക മത്സരങ്ങൾ ജില്ലാ തലത്തിൽ സംഘടിപ്പിക്കുക.
4. ലൈബ്രറികൾ രൂപീകരിക്കാൻ സാധ്യത ഉള്ള ഊരുകളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ ലൈബ്രറികൾ രൂപീകരിക്കുക.
5. യുവജങ്ങൾക്കുള്ള ഉപജീവനപ്രവർത്തനത്തിന് മുൻഗണന നൽകാവുന്നതാണ്.
6. പട്ടികവർഗ്ഗ യുവജനങ്ങളുടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, യൂണിറ്റുകൾക്ക് സ്റ്റാർട്ട് അപ്പ് ഫണ്ട് നൽകുന്നതിനും മുൻഗണന നൽകാവുന്നതാണ്.
7. ജില്ലാതല നൂതനമോ തനതു പ്രവർത്തനത്തിലോ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന യുവജനങ്ങൾക്കുള്ള പ്രവർത്തനങ്ങളിൽ ആവശ്യമുള്ള പക്ഷം പ്രത്യേകം പദ്ധതി തയ്യാറക്കി മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
8. മത്സര പരീക്ഷാപരിശീലനങ്ങൾ സംഘടിപ്പിക്കേണ്ട സാഹചര്യം ഉണ്ടെങ്കിൽ കൃത്യമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്നതും ആയതിനുള്ള ചെലവുകൾ ജില്ലാ ഇനിഷ്യറ്റീവ് യുവജന മേഖലയിലെ ഇടപെടൽ ശീർഷകത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

## ജില്ലാതല പ്രവർത്തനങ്ങളുടെ സാമ്പത്തിക വിവരങ്ങൾ

| **നമ്പർ** | **ജില്ല** | **അലോട്ട്മെന്റ്** |
|---|---|---|
| 1. | തിരുവനന്തപുരം | 1,50,000 |
| 2. | കൊല്ലം | 1,00,000 |
| 3. | പത്തനംതിട്ട | 1,00,000 |
| 4. | ആലപ്പുഴ | 1,00,000 |
| 5. | കോട്ടയം | 1,00,000 |
| 6. | ഇടുക്കി | 4,00,000 |
| 7. | എറണാകുളം | 1,00,000 |
| 8. | തൃശ്ശൂർ | 1,00,000 |
| 9. | പാലക്കാട് | 2,50,000 |
| 10. | മലപ്പുറം | 3,00,000 |
| 11. | കോഴിക്കോട് | 1,50,000 |
| 12. | വയനാട് | 5,00,000 |
| 13. | കണ്ണൂർ | 2,50,000 |
| 14. | കാസർഗോഡ് | 2,50,000 |
| | **ആകെ** | **28,50,000** |

# T11

## ട്രൈബൽ ഫെസ്റ്റ്, ബ്രിഡ്ജ് കോഴ്സ് സംഗമം, ട്രൈബൽ യൂത്ത് മീറ്റ്

**ലക്ഷ്യം**

യുവാക്കൾക്കിടയിൽ കലാ കായിക യൂത്ത് ക്ലബുകളുടെ സംഗമം, പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, പരമ്പരാഗത വൈദ്യം, തനത് ഭക്ഷണം, കരകൗശല ഉത്പന്നങ്ങളുടെ ട്രൈബൽ ഫെസ്റ്റ് എന്നിവ സംഘടിപ്പിക്കൽ. സംസ്ഥാന മിഷനിലെ മാർക്കറ്റിങ് ടീമുമായി സംയോജിച്ചുകൊണ്ടുള്ള പ്രവർത്തനം. സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്നതിനു വേണ്ടി വരുന്ന ചെലവുകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

- സംസ്ഥാനതലത്തിൽ കുടുംബശ്രീ നടപ്പിലാക്കുന്ന മേളകൾ, വിവിധ സംഗമങ്ങൾ എന്നിവയിൽ പട്ടികവർഗ്ഗ സംരംഭകർക്ക് പ്രത്യേകം സ്റ്റാളുകൾ, കലാ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ചെലവ്.
- പട്ടികവർഗ്ഗ വിഭാഗത്തിന് വേണ്ടിത്തന്നെ സംസ്ഥാനതലത്തിൽ മേളകൾ, മത്സരങ്ങൾ, കലാ അവതരണങ്ങൾ സംഘടിപ്പിക്കൽ.
- സർക്കാരിന്റെ വിവിധ ആഘോഷങ്ങൾ, ദിനാചരണങ്ങൾ എന്നിവയോടനുബന്ധിച്ച് പട്ടികവർഗ്ഗ മേഖലയിലെ കുടുംബശ്രീ നേതൃത്വത്തിൽ സംസ്ഥാന തല പരിപാടികൾ സംഘടിപ്പിക്കൽ.
- ഇത്തരം പരിപാടികൾക്ക് വേണ്ടിവരുന്ന ചെലവുകൾ കുടുംബശ്രീയുടെ മറ്റു സെക്ഷനുകളുമായി കൂടിച്ചേർന്നും നടപ്പിലാക്കാവുന്നതാണ്.

| തലം | വകയിരുത്തൽ തുക |
|---|---|
| സംസ്ഥാന മിഷൻ | 15,75,000 |

## ജില്ലകൾക്ക് അനുവദിച്ചു നൽകിയിരിക്കുന്ന സാമ്പത്തിക വിവരം

| ജില്ലാമിഷൻ | വകയിരുത്തൽ തുക |
|---|---|
| കുടുംബശ്രീ സംസ്ഥാന മിഷൻ | 21,25,000 |
| തിരുവനന്തപുരം | 12,35,000 |
| കൊല്ലം | 11,80,000 |
| പത്തനംതിട്ട | 11,45,000 |
| ആലപ്പുഴ | 9,95,000 |
| കോട്ടയം | 11,45,000 |
| ഇടുക്കി | 67,45,000 |
| എറണാകുളം | 7,50,000 |
| തൃശ്ശൂർ | 9,05,000 |
| പാലക്കാട് | 43,00,000 |
| മലപ്പുറം | 44,30,000 |
| കോഴിക്കോട് | 7,83,000 |
| വയനാട് | 92,55,000 |
| കണ്ണൂർ | 23,47,000 |
| കാസർഗോഡ് | 26,60,000 |
| **ആകെ** | **4,00,00,000** |

(ഒപ്പ്)

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ